## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3419 — 29/01/2014 ൽ മറുപടിയ്ക്ക്

### ഇ.എം.എസ്. ഭവന പദ്ധതിയ്ക്കു പകരമുള്ള ഭവന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ള ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | (എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പുതുക്കിയ നിരക്കിലെ അധികധനസഹായം ലഭിയ്ക്കാൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക്, ധനസഹായം നല്കുന്നതിലേയ്ക്കായി പ്രാഥമിക സഹകരണബാങ്കിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ വായ്പ എടുത്ത് ധനസഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഐ.എ.വൈ ഒഴികെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച നിർമ്മാണം പൂർത്തിയാകാത്ത വീടുകളുടെ സ്ഥിതി ബന്ധപ്പെട്ട എൻജിനീയറുടെ മേൽനോട്ടത്തിൽ ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ച് ഇപ്പോൾ നിലവിലുള്ള ധനസഹായ നിരക്കിന് അനുസൃതമായി അധിക ധനസഹായം നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് പകരമായി സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി) ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് പകരമായി പുതിയ ഭവന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഇന്ദിര ആവാസ് യോജന അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഭവനപദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ